**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നം. 2664**

**06.11.2019 ലെ മറുപടിയ്ക്ക്.**

# പത്താം തരത്തിന് മുകളിലുള്ള പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം

| **ചോദ്യം**<br>**ശ്രീ. സി. കെ. ശശീന്ദ്രൻ** | | **ഉത്തരം**<br>**എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പത്താം തരത്തിന് മുകളിലേക്കുള്ള വിദ്യാർത്ഥികൾക്ക് താമസ സൗകര്യം നൽകുന്നതിന് സർക്കാർ ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട പത്താം തരത്തിന് മുകളിലേക്കുള്ള വിദ്യാർഥികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിന് പട്ടികജാതി വികസന വകുപ്പിനു കീഴിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട് കണ്ണൂർ, കാസർഗോഡ്, ജില്ലകളിലായി 19 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചു വരുന്നു സംസ്ഥാനത്തെ വിവിധ പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന 1251 വിദ്യാർഥികൾ ടി സ്ഥാപനങ്ങളിൽ താമസിച്ചു വരുന്നുണ്ട്. 3 പുതിയ ഹോസ്റ്റൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഫണ്ട് വകയിരുത്തിയിട്ടുമുണ്ട്. കൂടാതെ വകുപ്പിന്റെ നിയന്ത്രണത്തിൽ ആറ് മോഡൽ റെസിഡൻഷ്യൽ ഹയർ സെക്കൻഡറി സ്കൂളുകളിലും (സ്പോർട്സ് സ്കൂൾ തിരുവനന്തപുരം, എം.ആ.ർഎസ്. പുന്നപ്ര-ആലപ്പുഴ, എം.ആർ.എസ്. കീഴ്മാട്-എറണാകുളം, എം.ആർ.എസ്. പീരുമേട്-ഇടുക്കി, എം.ആർ.എസ്. തൃത്താല-പാലക്കാട്, എം.ആർ.എസ്. കുഴൽമന്ദം-പാലക്കാട്) പ്ലസ് വൺ പ്ലസ് ടു ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. പ്രസ്തുത സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകുന്നതിലേക്ക് 2019-20 അധ്യയനവർഷം |

| | | | |
|---|---|---|---|
| | | | പ്രൈവറ്റ് അക്കോമഡേഷൻ എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം സംസ്ഥാന സർക്കാരിന്റെ പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുള്ള സർക്കാരിന്റെയോ, വകുപ്പിന്റെയോ, സ്ഥാപനത്തിന്റെയോ ഹോസ്റ്റലിൽ പ്രവേശനം ലഭിക്കാത്തതും പ്രൈവറ്റായി ഹോസ്റ്റലുകളിൽ താമസിക്കുന്നതുമായ എസ്.സി വിഭാഗം വിദ്യാർഥികൾക്ക് പ്രതിമാസം പരമാവധി 4,500 രൂപ അനുവദിക്കുന്നുണ്ട്<br><br>പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ പ്ലസ് വൺ മുതൽ ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേറ്റ് തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ ഇപ്പോൾ 9 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ 6 എണ്ണം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചിട്ടുള്ളതാണ്. അതിൽ നാലെണ്ണം വാടക കെട്ടിടത്തിലും 2 എണ്ണം വകുപ്പിന്റെ അധീനതയിലുള്ള കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. 10-ാം ക്ലാസിനു ശേഷം തുടർ പഠനം മുടങ്ങാതിരിക്കാൻ കൂടുതൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് സർക്കാർ പദ്ധതിയിട്ടിട്ടുണ്ട്. 7 പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 2 എണ്ണം KIIFB മുഖേനയാണ്. 30 കുട്ടികൾക്ക് താമസസൗകര്യം ഉള്ള കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ